


## വിചിന്തനം

ഏപ്രിൽ 2023

നമ്മുടെ മനസ്സിൽ ഏറ്റവും ആഴത്തിൽ പതിഞ്ഞിരിക്കുന്ന ക്രിസ്തുരൂപം ഒരുപക്ഷേ ക്രൂശിതരൂപമായിരിക്കണം. പ്രത്യേകിച്ച് നോമ്പുകാലത്തെ നമ്മുടെ ധ്യാനങ്ങളിൽ നിറയുന്നത് ക്രൂശിതരൂപത്തിന്റെ സന്ദേശങ്ങളാണല്ലോ. പലപ്പോഴും നമ്മുടെ വിചിന്തനം യേശുവിന്റ പീഡാസഹനത്തിലേക്കും മരണത്തിലേക്കുമാണ് കേന്ദ്രീകരിക്കുന്നത്. അവയ്ക്ക് കാരണമായ നമ്മുടെ പാപങ്ങളോർത്ത് നാം സങ്കടപ്പെടുകയും ചെയ്യുന്നു. എന്നാൽ ക്രൂശിതരൂപത്തിൽ കർത്താവിന്റെ സഹനവും മരണവും മാത്രമല്ല നാം കാണേണ്ടത്. ഏകപുത്രനെ ലോകത്തിന്റെ രക്ഷയ്ക്കായി നൽകിയ ദൈവപിതാവിന്റെ അളവറ്റ സ്നേഹമാണ് കുരിശുനൽകുന്ന മറ്റൊരു സന്ദേശം. ''എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ 3,16) വിശുദ്ധ മദർ തെരേസ പറയുന്നു, ''ക്രൂശിതരൂപത്തിൽ നോക്കുമ്പോൾ എന്റെ ദൈവം എന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് ഞാൻ കാണുന്നു.''

ക്രൂശിതരൂപത്തിൽ തെളിയുന്ന മറ്റൊരു യാഥാർഥ്യം കൂടിയുണ്ട്. ഉത്ഥാനം! നോമ്പുകാലത്ത് ഉയിർപ്പിന്റെ ആനന്ദത്തിനായി ഒരുങ്ങാനും തിരുസഭ നമ്മെ ക്ഷണിക്കുന്നു. അതേ, നാം ഈസ്റ്റർ ജനതയാണ്. നാം ഉത്ഥാനത്തിന്റെ പ്രത്യാശയിൽ ജീവിക്കുന്നു. നോമ്പുകാലം അവന്റെ മരണത്തിന്റെ മാത്രം അനുസ്മരണ സമയമല്ല. മറിച്ച് മരണത്തെ പരാജയപ്പെടുത്തി വീണ്ടും ജീവനിലേക്ക് ഉത്ഥാനം ചെയ്ത ക്രിസ്തുവിനെയും അവനിലുള്ള നമ്മുടെ ഉയിർപ്പിനെയുംകൂടി ധ്യാനിക്കുന്ന സന്ദർഭമാണിത്. (1 തെസ 4,14)

ക്രിസ്തുവിന്റെ ഉത്ഥാനം തിൻമയുടെമേലുള്ള നന്മയുടെ വിജയമാണ്. ആകുലതകൾക്കുമേലുള്ള ആനന്ദത്തിന്റെ വിജയമാണ്. കണ്ണുനീരിൽ കുതിർന്ന നമ്മുടെ ദുഖവെള്ളി അനുഭവങ്ങളെ ഉയിർപ്പു ഞായർ തീർച്ചയായും ആനന്ദംകൊണ്ടു പുതപ്പിക്കും. എന്നോ കഴിഞ്ഞുപോയ ദുരനുഭവങ്ങൾ പോലും നമ്മെ ഇപ്പോഴും വേദനിപ്പിക്കുകയും ഇന്നിന്റെ സന്തോഷം കവരുകയും ചെയ്യാറുണ്ട്. എന്നാൽ, ലോകത്ത് മറ്റുള്ളവരെല്ലാം സന്തോഷിക്കുമ്പോഴും ക്രിസ്തീയജീവിതമെന്നാൽ അവസാനമില്ലാത്ത സഹനമാണ് എന്ന നുണയിൽ നാം വീണുപോകരുത്. യേശുവിന്റെ വാക്കുകൾ ഓർക്കാം, ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഖം സന്തോഷമായി മാറും. (യോഹ 16, 20)

യേശു സ്വന്തം മരണത്തെക്കുറിച്ചാണ് ശിഷ്യന്മാർക്കു മുന്നറിയിപ്പുനൽകുന്നത്. എന്നാൽ അവൻ എന്താണ് പറയുന്നതെന്ന് അവർക്ക് ഗ്രഹിക്കാനാകുന്നില്ല. അതേ, അവർ കരയുകയും വിലപിക്കുകയും ചെയ്യും കാരണം, അവരുടെ കർത്താവിനെ പിടിച്ചുകൊണ്ടുപോകുന്നത് അവർ കാണും. അവൻ കുറ്റംവിധിക്കപ്പെടും, അസഹനീയമായ പീഡകൾക്കൊടുവിൽ അവൻ മരിക്കും. എങ്കിലും അൽപസമയത്തിനുള്ളിൽ മരണത്തെ ജയിച്ച് അവൻ ഉയിർക്കും. അപ്പോൾ അവരുടെ ദുഖം സന്തോഷമായി മാറും. (യോഹ 16 ,20) ഉത്ഥിതനായ കർത്താവിനെ കണ്ട മഗ്ദലന മറിയത്തിന്റെ ആനന്ദം അവളെ രൂപാന്തരപ്പെടുത്തുകയാണ്. അവൾ അപ്പസ്തോലൻമാർക്കുള്ള അപ്പസ്തോലയായി മാറുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശിച്ച ശിഷ്യൻമാരുടെ സന്തോഷം പന്തക്കുസ്താ നാളിൽ പരിശുദ്ധാത്മാഭിഷേകത്തോടെ എന്നെന്നേക്കുമായി അരക്കിട്ടുറപ്പിക്കുകയാണ്. യേശു വാഗ്ദാനം ചെയ്തതുപോലെ, അവരുടെ സന്തോഷം അവരിൽനിന്ന് എടുത്തുമാറ്റാൻ ആർക്കും ഇനി കഴിയില്ല. കാരണം, പരിശുദ്ധാത്മാവിലാണ് അവരുടെ സന്തോഷം. (യോഹ 16, 22). സഹനങ്ങൾക്കോ മരണത്തിനോപോലുമോ അവരുടെ സന്തോഷത്തെ കെടുത്താൻ കഴിയില്ല. കാലത്തെ വെല്ലുന്ന ഈ സന്തോഷത്തിന്റെ തെളിവാണ് ക്രിസ്തുശിഷ്യനായ അഥീനിയൻ തത്വചിന്തകൻ അരിസ്റ്റൈഡ്സ് റോമൻ ചക്രവർത്തി ഹാഡ്രിയന് (എഡി 117138) എഴുതിയ ഒരു കത്ത്. '' ദൈവം നൽകുന്ന നന്മകളെപ്രതി പ്രഭാതങ്ങളിലും എല്ലാ മണിക്കൂറുകളിലും അവർ അവിടുത്തേക്കു സ്തുതിയർപ്പിക്കുന്നു. തങ്ങൾക്കുലഭിച്ച ഭക്ഷണപാനീയങ്ങളെക്കുറിച്ച് അവർ അവിടുത്തേക്കു നന്ദി പറയുന്നു. തങ്ങളുടെ ഇടയിലെ ഒരു നീതിമാനായ മനുഷ്യൻ മരിക്കുമ്പോൾ അവർ ദൈവത്തിനു നന്ദിപറയുകയും സന്തോഷിക്കുകയും ചെയ്യുന്നു. ഒരാൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കു പോകുമ്പോഴെന്നപോലെ അവർ ആ മൃതദേഹത്തെ അനുധാവനം ചെയ്യുന്നു. ഓരോ കുഞ്ഞുപിറക്കുമ്പോഴും അവർ ദൈവത്തിനു നന്ദി പറയുന്നു. ശൈശവത്തിൽതന്നെ ആ കുഞ്ഞ് മരിച്ചാലും അവർ സർവശക്തനെ സ്തുതിക്കും. കാരണം, പാപത്തിന്റെ കറപുരളാതെ ആ കുഞ്ഞ് ലോകത്തിൽ വന്നുപോയിരിക്കുന്നു.''

അപ്പസ്തോലൻമാരെയും ആദിമശിഷ്യൻമാരെയും പോലെ അവന്റെ മരണവും ഉത്ഥാനവും വഴിയായി നാമും നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും നിറഞ്ഞ ഒരു രാജ്യത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. ( റോമ 14, 17). ഈ സന്തോഷം രോഗങ്ങളോ പരാജയങ്ങളോ തെറ്റിധാരണകളോ ഇല്ലാത്ത അവസ്ഥയല്ല. മറിച്ച് ഇതിനെല്ലാമിടയിലും സന്തോഷം അനുഭവിക്കുന്ന അവസ്ഥയാണ്. ദൈവത്തിൽനിന്ന് ഉത്ഭവിക്കുന്ന ആനന്ദമാണത്. ക്രിസ്ത്യാനികളെന്ന നിലയിൽ പ്രതിസന്ധിഘട്ടങ്ങളിൽ വേദനിക്കുന്ന ഹൃദയത്തോടെതന്നെ നാം വിശ്വാസത്തിൽ യാത്രചെയ്യുന്നു. ആ യാത്രയിൽ അവൻ നമ്മുടെ ദുഖം സന്തോഷമാക്കി മാറ്റും.

മഗ്ദലന മറിയത്തെപ്പോലെ നമുക്കും ഈസ്റ്റർ പുലരിക്കായി കാത്തിരിക്കാം. നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കാം. അവനെ കാണുന്നതിൽനിന്ന് നമ്മുടെ കണ്ണുകളെ മറയ്ക്കുകയും അവനെ കേൾക്കുന്നതിൽനിന്ന് കാതുകളെ മൂടുകയും ചെയ്യുന്ന എല്ലാറ്റിനെയും നീക്കിക്കളയാം. ഉത്ഥിതനുമായുള്ള കണ്ടുമുട്ടൽ നമ്മുടെ ആത്മാവിൽ ദിവ്യമായ ആനന്ദം നിറയ്ക്കുമെന്നു മാത്രമല്ല, നാം ഉയിർപ്പിന്റെ ജ്വലിക്കുന്ന സാക്ഷികളാകുകയും ചെയ്യും. അവന്റെ സാന്നിധ്യത്തിൽ ദുഖത്തിനു തുടരാനാകില്ല. ദുഖം ആനന്ദത്തിനു വഴിമാറിയേ തീരൂ.

- ഫാ. ജോസഫ് എഴുമായിൽ

---

ജീസസ് യൂത്ത് ഇന്റർനാഷനൽ കൗൺസിൽ ചാപ്ലെൻ. കോതമംഗലം രൂപതാ വൈദികനായ ഫാ. എഴുമായിൽ നിലവിൽ ആസ്ട്രേലിയയിൽ സീറോ മലബാർ സഭയുടെ മെൽബൺ രൂപതയിൽ സേവനം ചെയ്യുന്നു.